# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-4/627/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-4/627/2022 തീയ്യതി: 03/07/2022

## ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-03-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശ്രീദേവി പി, ഓഡിറ്റ് ഓഫീസർ

ശ്രീ ജയകൃഷ്ണ ആർ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജാകവലിൻ പി ഡബ്ളിയു ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ടീനു ടോം , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ബി വിജയമ്മ | പ്രസിഡന്റ് | 01-04-2020 | 05-11-2020 |
| ശ്രീ ഷാനി കുരുമ്പോലിൽ | പ്രസിഡന്റ് | 08-12-2020 | 31-03-2021 |
| ഡി എസ് ആദില | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ ബി നവാസ് | സെക്രട്ടറി | 01-06-2020 | 06-06-2020 |
| ശ്രീ എം ഷാജഹാൻ | സെക്രട്ടറി | 06-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷെല്ലി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ധനലക്ഷ്മി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ രമ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ ആനന്ദ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ നൈസിഖാൻ | മെഡിക്കൽഓഫീസർ ആയുർവ്വേദം | 01-04-2020 | 09-11-2020 |
| ഡോ സനിത ശങ്കർ | മെഡിക്കൽഓഫീസർ ആയുർവ്വേദം | 10-11-2020 | 31-03-2021 |
| ശ്രീമതി സബീന | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി കൃഷ്ണപ്രിയ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| ശ്രീമതി ദീപാ രവി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2020 | 31-03-2021 |
| ശ്രീമതി ഗീത | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ ബി.നവാസ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ,ഷൈലജ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 15-06-2020 |
| ശ്രീമതി രാജലക്ഷ്മി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ കണ്ടല്ലൂർ | 01-04-2020 | 31-03-2021 |
| ശ്രീമതി മഞ്ജു സി ഗോപാൽ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ കണ്ടല്ലൂർ | 15-06-2020 | 31-03-2021 |

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി - 06.11.2020 - 07.12.2020

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Jaquiline P.W (Senior Grade Auditor, On 30-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 21-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jaquiline P.W (Senior Grade Auditor, On 30-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 31-05-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 31-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 04-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Jaquiline P.W (Senior Grade Auditor, On 30-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 21-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jaquiline P.W (Senior Grade Auditor, On 30-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 31-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jaquiline P.W (Senior Grade Auditor, On 30-05-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 30-05-2022) | 1-5 |
| 7 | തൊഴിലുറപ്പപദ്ധതി<br>Written By: Jaquiline P.W (Senior Grade Auditor, On 30-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 21-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Jaquiline P.W (Senior Grade Auditor, On 30-05-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 30-05-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Teenu Tom (Auditor, On 31-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sreedevi (Audit Officer, On 01-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-06-2022) | 1-9 |
| 11 | ഡി & ഒ ലൈസൻസ് മോട്ടർ ഫീസ് -ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Teenu Tom (Auditor, On 01-06-2022)<br>Last Updated By: Teenu Tom (Auditor, On 02-06-2022) | 1-10 |
| 12 | കോവിഡ് പ്രതിരോധം- അവലോകനം<br>Written By: P. Sreedevi (Audit Officer, On 01-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-07-2022) | 1-11 |
| 13 | പാലിനു സബ്സിഡി അധികം തുക നൽകി<br>Written By: Teenu Tom (Auditor, On 01-06-2022)<br>Last Updated By: Teenu Tom (Auditor, On 02-06-2022) | 1-12 |
| 14 | പാലിന് സബ്സിഡി(എസ്.സി.പി)പ്രകാരം ആനുകൂല്യം കൈപ്പറ്റിയ വ്യക്തികൾക്ക് ഒരേ കാലയളവിൽ ജനറൽ വിഭാഗത്തിലും ആനുകൂല്യം നൽകി. നഷ്ടം 4340<br>Written By: P. Sreedevi (Audit Officer, On 01-06-2022)<br>Last Updated By: Teenu Tom (Auditor, On 02-06-2022) | 1-13 |
| 15 | മെറ്റീരിയൽ സപ്ളൈ ചെയ്ത കരാറുകാരനിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായനികുതി ഈടാക്കിയില്ല.ആദായനികുതി വകുപ്പിനു നഷ്ടം.<br>Written By: P. Sreedevi (Audit Officer, On 01-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 09-06-2022) | 1-14 |

| | | |
|---|---|---|
| 16 | മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകാതെ വന്ന<br>Written By: Jayakrishna R (Asst. Audit Officer, On 31-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 04-06-2022) | 1-15 |
| 17 | അനുപൂരകപോഷകാഹാര പദ്ധതി ഭക്ഷ്യവസ്തുക്കൾ വാങ്ങിയത് സ്റ്റോക്കിൽ ചേർത്തത് കുറവ്<br>Written By: Jaquiline P.W (Senior Grade Auditor, On 31-05-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 02-06-2022) | 1-16 |
| 18 | തയ്യിൽതെക്ക് ഗവ.എൽ പി സ്കൂളിന് ഫർണിച്ചർ വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ ,വിതരണ രേഖകൾ ഹാജരാക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 31-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-06-2022) | 1-17 |
| 19 | ലൈഫ് - മുൻകൂർ കൈപ്പറ്റിയെങ്കിലും വീട് പണി ആരംഭിച്ചിട്ടില്ല.<br>Written By: Jaquiline P.W (Senior Grade Auditor, On 31-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-07-2022) | 1-18 |
| 20 | ഇടവിളക്കിറ്റ് വിതരണ പ്രോജക്ട് സംബന്ധിച്ച്<br>Written By: Jayakrishna R (Asst. Audit Officer, On 31-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-06-2022) | 1-19 |
| 21 | തൊഴിലുറപ്പുപദ്ധതി ബില്ലിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല.<br>Written By: P. Sreedevi (Audit Officer, On 01-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-06-2022) | 1-20 |
| 22 | ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ.<br>Written By: P. Sreedevi (Audit Officer, On 31-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-07-2022) | 1-21 |
| 23 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല<br>Written By: Jayakrishna R (Asst. Audit Officer, On 31-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 04-06-2022) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തൊഴിലുറപ്പുപദ്ധതി ബില്ലിൽ നിന്നും ജി.എസ്.ടി ഈടാക്കിയില്ല.<br>Written By: P. Sreedevi (Audit Officer, On 01-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-06-2022) | 3-1 |
| 2 | മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.<br>Written By: P. Sreedevi (Audit Officer, On 01-06-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-07-2022) | 3-2 |
| 3 | പാലിനു സബ്സിഡിയിനത്തിൽ അധികം തുക നൽകി.<br>Written By: P. Sreedevi (Audit Officer, On 01-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-06-2022) | 3-3 |
| 4 | പാലിന് സബ്സിഡി(എസ്.സി.പി)പ്രകാരം ആനുകൂല്യം കൈപ്പറ്റിയ വ്യക്തികൾക്ക് ഒരേ കാലയളവിൽ ജനറൽ വിഭാഗത്തിലും ആനുകൂല്യം നൽകി. നഷ്ടം 4340<br>Written By: P. Sreedevi (Audit Officer, On 01-06-2022)<br>Last Updated By: Teenu Tom (Auditor, On 02-06-2022) | 3-4 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 30-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 04-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 30-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-07-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 30-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 30-05-2022) | 4-3 |
| 4 | വായ്പ, വായ്പ തിരിച്ചടവ്<br>Written By: Jayakrishna R (Asst. Audit Officer, On 30-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 30-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 30-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 30-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayakrishna R (Asst. Audit Officer, On 30-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 30-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayakrishna R (Asst. Audit Officer, On 30-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 30-05-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayakrishna R (Asst. Audit Officer, On 04-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 04-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 30-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayakrishna R (Asst. Audit Officer, On 30-05-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 03-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2020-21 വർഷത്തെ ബജറ്റ് 19.3.2020 തീയതിയിലെ ഒന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 20.2.2021ലെ രണ്ടിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം (പരിഷ്കരിച്ചത്) | 236441316 | 232702637 |
| വാർഷിക കണക്ക് പ്രകാരം | 175751856 | 169532730 |

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 11.06.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:-

2.ബാലൻസ്ഷീറ്റിൽ, ബി4ഷെഡ്യൂളനുസരിച്ച് Total Sanitationകണക്കിൽ നീക്കിയിരിപ്പ് വരേണ്ടത് 1816412/-ആണെന്ന് കാണുന്നു. എന്നാൽ, ബി17പ്രകാരം പ്രസ്തുത അക്കൌണ്ടിൽ നീക്കിയിരിപ്പ് വന്നിട്ടുള്ളത് 693612/-രൂപയാണ്. 1122800/-രൂപ തനത് അക്കൗണ്ടിൽ നിലനില്ക്കുന്നതായാണ് അറിയിച്ചിട്ടുള്ളത്.

3.ആസ്തിരജിസ്റ്റർ മൂല്യം അടിസ്ഥാനപ്പെടുത്തി കാലികമാക്കി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി വിവരങ്ങളുടെ കൃത്യത ബോദ്ധ്യമാകുന്നില്ല.

4.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ 1.9.2016മുതലുള്ളതും മൂന്ന് വർഷത്തിലേറെയായതിനാൽ കാലഹരണപ്പെട്ടതുമായ നിക്ഷേപങ്ങൾ തുടർന്ന് വരുന്നതായി കാണുന്നു. ഇവ തനത് അക്കൌണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുണ്ട്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ വാർഷിക കണക്കിൽ തുടർന്ന് വരുന്നത് ഒഴിവാക്കേണ്ടതാണ്.

5.വാർഷിക കണക്കിൽ(ആർ.പി. ഷെഡ്യൂൾ) ദശാംശ സംഖ്യകൾ ഉൾപ്പെട്ട് കാണുന്നു. ഇത് 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾക്കെതിരാണ്.

6.പ്രോപ്പർട്ടി ടാക്സ് വരവ് കൃത്യത പരിശോധിക്കുന്നതിനായി സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമായ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയതിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് പ്രകാരമുള്ള വ്യത്യാസങ്ങൾ ഉണ്ട്. സോഫ്റ്റ്വെയർ പരിഷ്കരണത്തിനുള്ള നടപടികൾ ആവശ്യമാണ്.

7.ജില്ലാ സഹകരണ ബാങ്കിന്റെ കായംകുളം ശാഖയിലുള്ള തനത് അക്കൌണ്ടിന്റെ നീക്കിയിരിപ്പിൽ കാലഹരണപ്പെട്ട ചെക്കുകളും ഉൾപ്പെടുത്തപ്പെട്ടപ്പെട്ടതായി കാണുന്നു. 07.02.2017-ലെ 602/-, 2450/-രൂപയുടെ ചെക്കുകൾ(യഥാക്രമം, വൌച്ചർ നം.11601900035, 11601900034)ആണ് ഇപ്രകാരം തുടർന്ന് വരുന്നത്.

8.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവിൽ, സർക്കാർ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ള തുകകൾ ഉൾപ്പെടുത്തിയിട്ടില്ല, എന്നാൽ ചെലവിൽ ടി തുകകൾ കൂടി ഉൾപ്പെടുന്നതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് നെഗറ്റീവ് സംഖ്യയായി കാണുന്നു.

9.കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ, 2011- വ്യവസ്ഥ ചെയ്തിട്ടുള്ള പല നിർദ്ദേശങ്ങളും വാർഷികകണക്കിൽ നിലവിൽ പാലിക്കപ്പെടുന്നില്ല. ഉദാഹരണമായി, അടിസ്ഥാന അനുപാതങ്ങൾ, മുൻവർഷത്തിലെ താരതമ്യ തുകകൾ, എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. ഇൻകം&എക്സ്പെൻഡിച്ചർ പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം നല്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തൽ ഇല്ല. രസീത്& പേമെന്റ് പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം പോലും നല്കപ്പെട്ടിട്ടുമില്ല. വാർഷിക കണക്കിൽ പൊതുവായി കാണപ്പെടുന്ന ടി അപാകതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

(ഓഡിറ്റ് എൻക്വയറി നം.1)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16139186 |
| വരവ് | 92927219 |

| | |
|---|---|
| ആകെ | 109066405 |
| ചെലവ് | 93164156 |
| നീക്കിയിരിപ്പ് | 15902249 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5589 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2577419 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് (സ്രോതസ്സിൽ കുറവ് ചെയ്തത് ഉൾപ്പെടെ) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16028566 | 3159059 | 19187625 | 15917828 | 110738 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 7537843 | 542157 | 8080000 | 7218110 | 319733 |
| വികസന ഫണ്ട് (റ്റി.എസ്.പി.) | 0 | 361667 | 0 | 361667 | 26199 | 99728 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 8132000 | 0 | 8132000 | 8132000 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 4350547 | 0 | 4350547 | 4350547 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്(Tied)/പെർഫോമൻസ് ഗ്രാന്റ് | 0 | 6000000 | 0 | 6000000 | 2996635 | 3003365 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 10722413 | 0 | 10722413 | 7578084 | 3144329 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരംലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 168 | 107996186 | 125 | 64399045 | 12 | 31 | 59.63 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1637327 | 1637327 | 1499417 | 137910 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 50720687 | 50720687 | 50720687 | 0 |
| ആകെ | | 52358014 | 52358014 | 52220104 | 137910 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-2021 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 69000 | 98 |
| കർഷകതൊഴിലാളി പെൻഷൻ | 4190200 | 2994 |
| വിധവാപെൻ ഷൻ | 15850900 | 11325 |
| വാർദ്ധക്യകാല പെൻഷൻ | 32345100 | 23107 |
| വികലാംഗപെൻഷൻ | 5687900 | 4064 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 552600 | 396 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 450000 | 15 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.05.2022 ന് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3758/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

3.ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്.

4. തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് തൃപ്തികരമായ മോണിട്ടറിംഗ് നടത്തിയതായി കാണുന്നില്ല. നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ തൃപ്തികരമായി മോണിട്ടർ ചെയ്യപ്പെടേണ്ടതാണ്.

## 1-10 ഡി & ഒ ലൈസൻസ് മോട്ടർ ഫീസ് -ഓഡിറ്റ് ഇംപാക്റ്റ്

1996 കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 18,19 പട്ടിക III പ്രകാരമുള്ള ഡി & ഒ ലൈസൻസിനുള്ള മോട്ടർ ഫീ 2020-21 വർഷം പഞ്ചായത്തിൽ ഒടുക്കാതെ അവശേഷിച്ചിരുന്നത്, ഓഡിറ്റ് അന്വേഷണം നം.10-30/5/22 പ്രകാരം അറിയിച്ചതിനെ തുടർന്ന്, 31/05/2022 ൽ ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾ പഞ്ചായത്തിലേക്ക് ഒടുക്കിയിട്ടുണ്ട്.

| ക്രമ നം | ലൈസൻസിയുടെ പേര്, സ്ഥാപനം | അടവാക്കിയ തുക, രസീത് നം., തീയതി |
|---|---|---|
| 1 | ജി.വിദ്യാധരൻ, അമ്പിതെക്കതിൽ, ഫ്ളവർമില്ല് (എൻ.കെ.അമ്മവീൽസ്) | 2020-21 മോട്ടർ ഫീസ് -100<br>മറ്റ് ഫീസ്-25<br>ആകെ-125/-<br>രസീത് നം. 1220100820, 31/05/22 |
| 2 | റീന അനിൽകുമാർ, ചപ്പാത്തി നിർമ്മാണ യൂണിറ്റ് (എം.കെ.ഓവൻ ഫ്രെഷ്) | 2020-21 മോട്ടർ ഫീസ്- 50/-<br>മറ്റ് ഫീസ്-13/-<br>ആകെ-63/-<br>രസീത് നം. 1220100823, 31/05/22 |
| | ആകെ | 188/- |

## 1-11 കോവിഡ് പ്രതിരോധം- അവലോകനം

കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് സ.ഉ (കൈ) 55/2020 തസ്വഭവ തീയതി 20.03.2020 പ്രകാരം ബ്രേക്ക് ദ ചെയിൻ ക്യാംപെയിൻ അടക്കമുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ചിട്ടുണ്ട്. ബോധവത്ക്കരണത്തിനായി മൈക്ക് അനൗൺസ്മെന്റുകൾ നടത്തുകയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തല മോണിറ്ററിംഗ് കമ്മിറ്റി, വാർഡ് തല മോണിറ്ററിംഗ് കമ്മിറ്റി എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മഹാമാരിക്കെതിരായി പ്രവർത്തിച്ചു. 2020 മാർച്ച് മാസം പകുതിയോടെ തന്നെ സംസ്ഥാനത്ത് സ്കൂളുകൾ, സിനിമാ തിയേറ്ററുകൾ എന്നിവ അടച്ച്പൂട്ടി പലതരത്തിലുള്ള നിയന്ത്രണങ്ങൾ നടപ്പാക്കി തുടങ്ങിയിരുന്ന കോവിഡ് വ്യാപന തടയുന്നതുമായി ബന്ധപ്പെട്ട് 24.03.2020 മുതൽ (പ്രഖ്യാപനം 23.03.2020) ദേശവ്യാപകമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചിട്ടുള്ളതാണ്. കോവിഡ് മഹാമാരിയെ നേരിടുന്നതിന് ഗ്രാമപഞ്ചായത്ത്

നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വളരെ പ്രശംസനീയമാണ്. 2019 ൽ കോവിഡ് വ്യാപനം അതിരൂക്ഷമായപ്പോൾ ആയതിനെ നേരിടുന്നതിനും ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും ആശാ പ്രവർത്തകരുടെയും സന്നദ്ധ പ്രവർത്തകരുടെയും നേതൃത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും, എല്ലാ വീടുകളിലും മാസ്ക്, സാനിറ്റൈസർ, ആയുർവേദ മരുന്നുകൾ എന്നിവ ഉൾപ്പെടുന്ന പ്രതിരോധകിറ്റുകൾ നൽകുകയും ചെയ്തു

കോവിഡ് 19 നിയന്ത്രണത്തിൻറെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിച്ച കോവിഡ് ടാസ്ക് ടീമിൻറെ അവലോകനയോഗങ്ങൾ കൃത്യമായി വിലയിരുത്തപ്പെടുകയും സാമൂഹ്യ വ്യാപനം തടയുന്നതിനായി വാഹന പരിശോധന, Crowd Management, അതിഥി തൊഴിലാളികളെ സന്ദർശിക്കുക, ഭക്ഷണ ലഭ്യത, ആർ.സി.സി. യിൽ നിന്ന് മരുന്നുകൾ ലഭ്യമാക്കേണ്ടവർ വിദേശത്ത് നിന്നും അന്യ സംസ്ഥാനത്ത് നിന്നും മറ്റ് ജില്ലകളിൽ നിന്നും എത്തുന്നവരുടെ വാർഡ് തല ലിസ്റ്റ് തയ്യയാറാക്കുക, ഹോട്ട്സ്പോട്ട് സ്ഥലങ്ങളിൽ നിന്നും വരുന്നവരുടെ പരിശോധനാ നിയന്ത്രണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി . ലോക്ക് ഡൗൺ സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി കൂടുന്നതിന് കഴിയാത്ത സാഹചര്യത്തിൽ അടിയന്തരമായി 26.03.2020 ൽ സ്റ്റിയറിംഗ് കമ്മിറ്റി കൂടി നിലവിലുള്ള സാഹചര്യത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ഒരു സമ്പൂർണ്ണ അടച്ച്പൂട്ടൽ മൂലം നിർദ്ധനർ, ദിവസ വേതനക്കാർ, തെരുവിൽ അന്തിയുറങ്ങുന്നവർ, അഗതികൾ, അശരണർ, എന്നിവർ തങ്ങളുടെ നിത്യജീവിതം മുന്നോട്ട്കൊണ്ട്പോകാൻ പ്രയാസപ്പെടുമെന്നും ആയതിനാൽ ഇവർക്കായി ഗ്രാമപഞ്ചായത്തുകൾ കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിക്കണമെന്ന് മുഖ്യമന്ത്രിയുടെ കോവിഡുമായി ബന്ധപ്പെട്ട പതിവ് വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കോവിഡ് ബാധിതമായ വിദേശ രാജ്യങ്ങൾ, മറ്റ് സംസ്ഥാനങ്ങൾ, ജില്ലകൾ എന്നിവിടങ്ങളിൽ നിന്നും എത്തിയവർക്കും അടച്ച്പൂട്ടൽ മൂലം ഗ്രാമപഞ്ചായത്തിലെ നിർധനരും ദിവസവേതനക്കാരുമായ ജനങ്ങൾക്കും ഭക്ഷണവും മറ്റ് അവശ്യ സാധനങ്ങളും എത്തിച്ച് നൽകിയിട്ടുണ്ട്.
കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ 6- ആം വാർഡിൽ കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങുന്നതിനായി സ്റ്റിയറിംഗ് കമ്മിറ്റി തീരുമാന പ്രകാരം കുടുംബശ്രീ യെ ഏൽപ്പിച്ചു. ഭക്ഷണം എത്തിച്ച് നൽകി. കൂടാതെ ലോക്ക് ഡൗൺ മൂലം തൊഴിലിന് പോകുന്നതിന് സാധിക്കാത്ത നിർധരരായ തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും ഭക്ഷണം എത്തിച്ച് നൽകേണ്ട ചുമതല കൂടി ഗ്രാമപഞ്ചായത്തിനുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തിലെ 17 വാർഡിലും നിർധനരർക്ക് ഭക്ഷണം നൽകുന്നതിനായി സ്റ്റീയറിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കമ്മ്യൂണിറ്റി കിച്ചൺ വഴി ഭക്ഷണം എത്തിച്ച് നൽകിയിട്ടുള്ളതുമാണ്. കോവിഡ് ഒന്നാം തരംഗത്തിൽ 2020 മാർച്ച് 25 ന് ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ ഡിസംബർ 2020 വരെയും രണ്ടാം തരംഗത്തിൽ 12/05/2021 ന് ആരംഭിച്ചത് ജനവരി 2022 വരേയും പ്രവർത്തിച്ചിട്ടുള്ളതാണ്.

കോവിഡ് പ്രതിരോധത്തിൻറെ ആദ്യഘട്ടത്തിൽ ബ്രേക്ക് ദ ചെയിൻ ക്യാംപയിൻറെ ഭാഗമായി കൈകഴുകൽ പ്രോത്സാഹിപ്പിക്കുന്നതിന് പൊതുയിടങ്ങളിൽ കൈകഴുകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി, കൂടാതെ തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മ സേന , ആശാവർക്കർമാർ പഞ്ചായത്തിലെ എല്ലാ സർക്കാർ ജീവനക്കാർക്കും കോവിഡ് പ്രതിരോധത്തിന് വേണ്ടി മാസ്കും സാനിറ്റൈസറും വിതരണം ചെയ്തു. വിദേശത്ത് നിന്നുള്ള ഇൻഡ്യക്കാർക്ക് യാത്രവിലക്ക് പിൻവലിച്ച ശേഷം മടങ്ങി വന്ന പ്രവാസികളെ ക്വാറൻറൈനിൽ താമസിച്ച് നിരീക്ഷണം ഏർപ്പെടുത്തുന്ന ഇൻസ്റ്റിറ്റ്യൂഷൻ ക്വാറൻറൈൻ സംവിധാനം ഏർപ്പെടുത്തി. പ്രവാസികളെ താമസിപ്പിക്കാനും കോവിഡ് ലക്ഷണത്തിലുള്ളവർക്ക് നിരീക്ഷണത്തിലിരിയ്ക്കാനും പഞ്ചായത്ത് തലത്തിൽ 3 കോവിഡ് കെയർ സെൻററുകൾ ജെ.ജെ ഹോസ്പിറ്റൽ, അനിയൻസ് ഹോസ്പിറ്റൽ, സത്യാലയം എന്നിവിടങ്ങളിൽ ആരംഭിച്ചു. മൂന്ന് കോവിഡ് കെയർ സെൻററുകളിലായി 41 മുറികളിലായി സെപ്റ്റംബർ 2020 വരെ കുറഞ്ഞത് 480 പേരെയെങ്കിലും ക്വാറൻറൈനിൽ പാർപ്പിച്ചിരുന്നു. തനത് ഫണ്ട് കുറവായിരുന്നിട്ട് കൂടി കോവിഡ് പ്രതിരോധത്തിനായി ഭീമമായ തുകയാണ് ചെലവാക്കിയിട്ടുള്ളത്.
സംസ്ഥാനത്ത് കോവിഡ് വ്യാപനം നേരിടുന്നതിനായി ജനകീയ ആരോഗ്യപരിപാലന കേന്ദ്രങ്ങളായി കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെറ്റ് സെൻററുകൾ ഏർപ്പെടുത്തണമെന്നും സാമൂഹ്യവ്യാപനം ഉണ്ടായാൽ നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനത്തെ ബാധിക്കാത്ത തരത്തിൽ അവശ്യ സൗകര്യങ്ങളുള്ള പ്രദേശിക കേന്ദ്രങ്ങളായി സി.എഫ്.റ്റി.സി-കളെ വിഭാവനം ചെയ്യണമെന്നുമുള്ള സ.ഉ (സാധാ) 1364/2020/ തസ്വഭവ തീയതി 16.07.2020 പ്രകാരം സംസ്ഥാനത്ത് കോവിഡ് ഒന്നാം തരംഗം ഉടർന്നപ്പോൾ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലും സി.എഫ്.എൽ.റ്റി.സിയായി ഓച്ചിറ മരുതവന ആഡിറ്റോറിയത്തെ ഏറ്റെടുത്തു കൊണ്ടുള്ളള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തി. ഏകദേശം 8,11,315/- രൂപ മുടക്കിയാണ് അടിസ്ഥാന സൌകര്യങ്ങൾ ഓരുക്കിയത്.

കോവിഡ് രണ്ടാം തരംഗം അതിരൂക്ഷമായപ്പോൾ കോവിഡ് രോഗികളെ പാർപ്പിയ്ക്കുന്നതിന് DCC( Domicilary Covid Centre) ആരംഭിച്ചു. അടിയന്തിര സാഹചര്യങ്ങളിൽ കോവിഡ് രോഗികളെ ആശുപത്രികളിൽ കൊണ്ടുപോകുന്നതിന് ആംബുലൻസ് സർവ്വീസ് ഗ്രാമപഞ്ചായത്തിൻറെ നേതൃത്യത്തിൽ ആരംഭിച്ചു. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും കോവിഡ് നിരീക്ഷണത്തിലോ രോഗം ബാധിച്ചവരോ ആയാൽ ആ കുടുംബത്തിന് സൌജന്യ ഭക്ഷണം കമ്മ്യൂണിറ്റി കിച്ചൺ വഴി നൽകി. 2021 മെയ് 29 മുതൽ 2020 നവംബർ 22 വരെ സത്യാലയം ഹോസ്പിറ്റലിൽ 40 കിടക്കകളുള്ള ഡി.സി.സി. യിൽ രോഗികൾ പൂർണ്ണമായും എത്തിയ സാഹചര്യമുണ്ടായിരുന്നു. ഡി.സി.സിയുടെ ഭൗതിക സാഹചര്യം യഥാസമയം ഒരുക്കുന്നതിനും ഫലപ്രദമായ ദൈനദിന പ്രവർത്തനങ്ങൾ നടത്തുന്നതും മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചു. കോവിഡ് പോസിറ്റീവ് ആയി എത്തുന്നവർക്ക് ഭക്ഷണവും വെള്ളവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി. കുടുംബശ്രീ വഴി ഭക്ഷണ വിതരണം നടത്തി. ടോയ്ലറ്റുകൾ അറ്റകുറ്റപ്പണി നടത്തുകയും ആരോഗ്യ പ്രവർത്തകർക്ക് വേണ്ടി ടോയ്ലറ്റ് പുതിയതായി നിർമ്മിക്കുകയും ചെയ്തു. ഇലക്ട്രിഫിക്കേഷൻ പ്രവർത്തി നിർവ്വഹിച്ചു. ദൈനംദിന ശുചീകരണം,മാലിന്യം ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കൽ,ശുചികരണത്തിനുള്ള ആവശ്യമുള്ള പ്രവർത്തകരെ നിയമിച്ചു ( കുറഞ്ഞത് പത്ത് രോഗിക്ക് ഒരാൾ എന്ന ക്രമത്തിൽ) , ശുചികരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിൻറെ ഇൻഫക്ഷൻ കൺട്രോൾ കമ്മീഷൻ നിർദ്ദേശ പ്രകാരം ക്രമീകരിച്ചു. സ്റ്റാഫ് നഴ്സ്,, കെയർ ടേക്കർ,സെക്യൂരിറ്റി സ്റ്റാഫ്,ഡേറ്റാ എൻട്രി ഓപ്പറേറ്റർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തി.
സമീപ പഞ്ചായത്തുകളിൽ കോവിഡ് വ്യാപനം രൂക്ഷമായപ്പോഴും കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ മൂലം സ്ഥിതി നിയന്ത്രണ വിധേയമാക്കുന്നതിനായി കഴിഞ്ഞു. ആരോഗ്യ പ്രവർത്തകരും ഗ്രാമപഞ്ചായത്തും ഒരുമിച്ച് നിന്ന് നിർവ്വഹിച്ച പ്രവർത്തനങ്ങൾ മൂലം സ്ഥിതി രൂക്ഷമാകാതെ സൂക്ഷിക്കാൻ സാധിച്ചിട്ടുണ്ട്.

## 1-12 പാലിനു സബ്സിഡി അധികം തുക നൽകി

1) പ്രോജക്ട് നം. 75/20-21

പാലിന് സബ്സിഡി (ജനറൽ)

നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ:-1600320/-
വികസന ഫണ്ട് - 11,00,320/-
ബ്ലോക്ക് വിഹിതം-5,00,000/-

ചെലവ്-8,99,999/-

ബിൽ നം-6/ 2021 തീയതി-15.3.2021-37,384/-

ബിൽ നം-7/ 2021 തീയതി-26.3.2021-4,62,615/-

ബിൽ നം-8/ 2021 തീയതി-29.3.2021-4,00,000/-

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/- ആണ്. എന്നാൽ സരസ്വതി. എസ് എന്ന വ്യക്തിക്ക് 1249/-അധികം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം /തീയതി | പേര്, അക്കൌണ്ട് നം | തുക |
|---|---|---|---|
| 1 | 7/2021, തീയതി 26/03/21 | സരസ്വതി. എസ് , 33219392609 | 25869/- |
| 2 | 8/2021, തീയതി 29/03/21 | സരസ്വതി. എസ് , 33219392609 | 15380/- |
| | ആകെ | | 41,249/- |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വറി (നം. 12/30.05.2022) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അധികം സബ്സിഡി അനുവദിച്ച 1249/- രൂപ, ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-13 പാലിന് സബ്സിഡി(എസ്.സി.പി)പ്രകാരം ആനുകൂല്യം കൈപ്പറ്റിയ വ്യക്തികൾക്ക് ഒരേ കാലയളവിൽ ജനറൽ വിഭാഗത്തിലും ആനുകൂല്യം നൽകി. നഷ്ടം 4340

ഒരേ വ്യക്തികൾക്ക് 2020 ഏപ്രിൽ, 2020 മേയ് മാസങ്ങളിൽ , പാലിന് സബ്സിഡി നൽകുന്നതു സംബന്ധിച്ച ജനറൽ പ്രോജക്ട് നം. 75/21 , എസ്.സി.പി പ്രോജക്ട് നം. 80/21 എന്നീ പദ്ധതികൾ പ്രകാരം തുകകൾ അനുവദിച്ചു. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.12/30.05.22) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം. 75/20-21

പാലിന് സബ്സിഡി (ജനറൽ)

നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ:-1600320/-
വികസന ഫണ്ട് - 11,00,320/-
ബ്ലോക്ക് വിഹിതം-5,00,000/-

ചെലവ്-8,99,999/-

ബിൽ നം-6/ 2021 തീയതി-15.3.2021-37,384/-

ബിൽ നം-7/ 2021 തീയതി-26.3.2021-4,62,615/-

ബിൽ നം-8/ 2021 തീയതി-29.3.2021-4,00,000/-

2)പ്രോജക്ട് നം. 80/21

പാലിന് സബ്സിഡി (എസ്.സി.പി)

നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ:-1600320/-
വികസന ഫണ്ട് (എസ്.സി.പി) - 100000/-

ചെലവ്-100000/-

ബിൽ നം-5/ 2021 തീയതി-5.3.2021-100000/-

| ക്രമ നം | പ്രോജക്ട് നം.,ബിൽ നം /തീയതി | ഗുണഭോക്താവിന്റെ പേര്, അക്കൌണ്ട് നം | സബ്സിഡി @ 4 നല്കിയ മാസം(പാലളവ്), തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | പ്രോജക്ട് നം. 75 7/2021, തീയതി 26/03/21 | ബിന്ദു.റ്റി , 854210110002226 | 2020 ഏപ്രിൽ(253 ലിറ്റർ) മേയ്(228 ലിറ്റർ) | 1924/- |

| | | | | |
|---|---|---|---|---|
| | | | ആകെ -481 ലിറ്റർ<br>സബ്സിഡി @ 4/ - 1924/- | |
| 2 | പ്രോജക്ട് നം.80 5/2021, തീയതി 05/03/21 | ബിന്ദു.റ്റി , 854210110002226 | 2020 ഏപ്രിൽ(254 ലിറ്റർ)<br>മേയ്(229 ലിറ്റർ)<br>ജൂൺ(184 ലിറ്റർ)<br>ജൂലൈ(159 ലിറ്റർ)<br>ആഗസ്റ്റ്(118 ലിറ്റർ)<br>ആകെ -944 ലിറ്റർ<br>സബ്സിഡി @ 4 /- 3776/- | |
| 3 | പ്രോജക്ട് നം. 75 7/2021, തീയതി 26/03/21 | പ്രഭാകരൻ.പി, 40121001005439 | 2020 ഏപ്രിൽ(251 ലിറ്റർ)<br>മേയ്(353 ലിറ്റർ)<br>ആകെ -604 ലിറ്റർ<br>സബ്സിഡി @ 4 - 2416/- | 2416/- |
| 4 | പ്രോജക്ട് നം.80 5/2021, തീയതി 05/03/21 | പ്രഭാകരൻ.പി, 40121001005439 | 2020 ഏപ്രിൽ(251 ലിറ്റർ)<br>മേയ്(353 ലിറ്റർ)<br>ജൂൺ(304 ലിറ്റർ)<br>ജൂലൈ(308 ലിറ്റർ)<br>ആഗസ്റ്റ്(298 ലിറ്റർ)<br>ആകെ -1513 ലിറ്റർ<br>സബ്സിഡി @ 4 /- 6052/- | |
| | | | ആകെ | 4340/- |

'ടി.ഗുണഭോക്താക്കൾക്ക് അധികം നൽകിയ 4340 രൂപ തിരികെ ഈടാക്കാത്ത പക്ഷം ആയത് നിർവ്വഹണഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 മെറ്റീരിയൽ സപ്ളൈ ചെയ്ത കരാറുകാരനിൽ നിന്നും നിയമാനസൃതം ഈടാക്കേണ്ട ആദായനികുതി ഈടാക്കിയില്ല.ആദായനികുതി വകുപ്പിന്റ നഷ്ടം.

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവ്യത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവ്യത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | NSSകരയോഗം റെയിൽവേ ലൈൻ റോഡ്. കോൺക്രീറ്റിംഗ്. M-Book No.264/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി. | 216870 | 4337 (@2%) | FTO 7121/7.4.20 |
| 2 | കല്ലേലിൽ തയ്യിൽക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് 263/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി. | 185677 | 3714 (@2%) | 7099/7.4.20 |
| 3 | കന്നേൽ പുത്തൻവീട് നടപ്പാത കോൺക്രീറ്റിംഗ്. 246/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി. | 99736 | 1995 (@2%) | 628701 /3.06.20 |
| 4 | ക്രൗൺ ഓഡിറ്റോറിയം, ചെമ്മത്തിൻകുറ്റിയിൽ നടപ്പാത M B No. 247/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി. | 242301 | 4846 (@2%) | 630091/03.06.20 |
| 5 | ഓണംപള്ളി തോപ്പിൽ പടീറ്റതിൽ നടപ്പാത കോൺക്രീറ്റിംഗ് 260/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് | 62653 | 1253 (@2%) | 10971 /3.6. 20 |

| | | | | | |
|---|---|---|---|---|---|
| | | സൊസൈറ്റി. | | | |
| 6 | പന്തപ്ലാവിൽവടക്കതിൽ മുതൽ തോപ്പിൽ പടീറ്റതിൽ നടപ്പാത കോൺക്രീറ്റിംഗ് 245/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി. | 76369 | 1527 (@2%) | 628722/06.03.20 |
| 7 | തോപ്പിൽത്തറ കോയിക്കലേത്ത് തറ നടപ്പാത 252/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി. | 43256 | 865 (@2%) | 10958/06.03.20 |
| 9 | പ്ലാൻകീഴിൽ വലിയതറ നടപ്പാത റോഡ് കോൺക്രീറ്റിംഗ് 256/18-19 | രവീന്ദ്രൻപിള്ള ശ്യാമം | 85742 | 857 (@1%) | 7007/7.04.20 |
| | | | ആകെ | 19394 | |

ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 19/20-21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.അല്ലാത്തപക്ഷം സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകാതെ വന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ കേരള മെഡിക്കൽ സർവ്വീസ് സൊസൈറ്റിയിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയ്ക്ക് മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകാതെ വന്നിട്ടുള്ളതായി കാണുന്നു.

എ)പാലിയേറ്റീവ് പരിചരണ പദ്ധതി(പ്രോജ.നം.1/21)-യിൽ വികസന(ജനറൽ)ഫണ്ടിൽ നിന്ന് 772701/-രൂപ ചെലവായിട്ടുണ്ട്. ടി പ്രോജക്ടിൽ, ബിൽ റഫ.നം.20070352004500454998/20.8.20പ്രകാരം കേരള മെഡിക്കൽ സർവ്വീസ് സൊസൈറ്റിയിലേക്ക് 408643/-രൂപ നല്കുകയുണ്ടായി. രണ്ട് ഇൻവോയിസ് പ്രകാരം 359994/-രൂപ നല്കിയതിൽ ചുവടെ ചേർക്കും പ്രകാരമുള്ള മരുന്നുകൾ/ഉപകരണങ്ങൾ നിന്ന് ലഭ്യമാകുവാനുള്ളതായി കാണുന്നു.

| ക്രമ നം. | പ്രഫോർമ നം., തീയതി | ഇൻവോയിസ് പ്രകാരം നല്കിയ തുക | മരുന്ന് ലഭിക്കുവാനുള്ളത് എത്ര രൂപയ്ക്ക് എന്ന് |
|---|---|---|---|
| 1 | 1959/19.8.20 | 300000 | 41258 |
| 2 | 1951/19.8.20 | 59994 | 26912 |
| | | ആകെ | 68170 |

ബി)ജീവിത ശൈലീ രോഗനിർണ്ണയ ക്യാമ്പിന് സാധനങ്ങൾ വാങ്ങൽ(പ്രോജ.നം.3/21)24999/-രൂപ തനത് ഫണ്ട് ചെലവായിട്ടുണ്ട്. പ്രഫോർമ നം.1945/19.8.20പ്രകാരം നല്കിയ 24999/- രൂപയിൽ 13302/-രൂപയുടെ ഉപകരണങ്ങൾ(4ഗ്ലൂക്കോ മീറ്റർ, സ്ട്രിപ്പുകൾ മുതലായവ) ലഭ്യമാകുവാനുണ്ട്. മരുന്നുകൾ/ഉപകരണങ്ങൾ യഥാസമയം ലഭ്യമാകാത്ത സാഹചര്യത്തിൽ ഇവയുടെ ലഭ്യത സംബന്ധിച്ച് പ്രത്യേക ഫയൽ/രജിസ്റ്റർ സൂക്ഷിച്ചുകൊണ്ട് തുടർനിരീക്ഷണം ഉറപ്പാക്കേണ്ടതുണ്ട്. ഖണ്ഡിക എ, ബി എന്നിവ പ്രകാരമുള്ള ആകെ തുക (68170+13302)81472/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തടസ്സം പുനഃപരിശോധിക്കുന്നതാണ്.

## 1-16 അനുപൂരകപോഷകാഹാര പദ്ധതി ഭക്ഷ്യവസ്തുക്കൾ വാങ്ങിയത് സ്റ്റോക്കിൽ ചേർത്തത് കുറവ്

പ്രൊജക്ട് നം 31/20

അടങ്കൽ - 1100000 (വികസനഫണ്ട്)

- 700000 (കേന്ദ്രാവിഷ്കൃതഫണ്ട്)

- 100000 ( ജില്ലാപഞ്ചായത്ത് ഫണ്ട്)

20-21 വർഷം ഐസിഡിഎസ് സൂപ്പർവൈസർ നടപ്പാക്കിയ അനുപൂരകപഷകാഹാര പദ്ധതിയോടനുബന്ധിച്ച് അമൃതം ഫുഡ് ദുർഗ്ഗാലക്ഷ്മി അമൃതം ഫുഡ്സിൽ നിന്നും വാങ്ങി അംഗനവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അമൃതം ഫുഡ്സിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനം ലഭ്യമാക്കിയ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവിൽ നിന്നും കുറഞ്ഞ അളവാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്നത് .വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ ബിൽ / തിയതി | ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന അമൃതം ഫുഡിന്റെ അളവ് | തുക | സ്റ്റോക്കിൽ എടുത്തത് | ട്രഷറി ബിൽ നം. /ചെക്ക് നം. |
|---|---|---|---|---|
| 180 /25.08.20 | 1617 Kg | 1617 *73.5 +1617 ( Trnsportation Charge ) | 1613 Kg | സെൻട്രൽ ഷെയർ 398919 /- |
| 165/25.08.20 | 1750 Kg | 1750 * 73.5 + 1750 ( Transportation Charge ) | 1746 . 5 Kg | സെൻട്രൽ ഷെയർ 398919 /- |
| 171 /16.11.20 | 1617 Kg | 1617* 73.5 + 1617 ( Transportation Charge ) | 1613.5 Kg | സെൻട്രൽ ഷെയർ 398919 /- |
| 361 /11.7.20 | 1739 Kg | 1739 * 73.5 + 1739 ( Transportation Charge ) | 1733.5 Kg | 13/20-21 /27.02.21 484671/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാലയളവിൽ ആണ് പ്രസ്തുത ഭക്ഷ്യവസ്തുക്കൾ വിതരണം നടത്തിയതെന്നും കോവിഡ് കാലയളവ് ആയതിനാൽ പലപ്പോഴും കടലാസിൽ രേഖപ്പെടുത്തലുകൾ ബുദ്ധിമുട്ടായതിനാലും പല സെന്ററുകളും കണ്ടെയ്ൻമെന്റ് സോണായതിനാൽ കൃത്യമായ രേഖപ്പെടുത്തലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ വരുത്തുവാൻ സാധിച്ചില്ല എന്നാണ് അറിയിച്ചത്. ആകയാൽ ഇപ്രകാരമുള്ള അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്.

## 1-17 തയ്യിൽതെക്ക് ഗവ.എൽ പി സ്കൂളിന് ഫർണിച്ചർ വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ ,വിതരണ രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നം 85/20

അടങ്കൽ - 150000 ( മെയിന്റനൻസ് ഫണ്ട് )

ചെലവ് - 149998 /-

ബി ആർ നം - 20070352004800957193 /18.01.2021 – 149998 /-

തയ്യിൽതെക്ക് ഗവ.എൽ പി സ്കൂളിന് കേരള ആർട്ടിസൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ഫർണിച്ചർ വാങ്ങി നൽകിയിട്ടുണ്ട് .വിശദാംശം ചുവടെ ചേർക്കുന്നു

| ഐറ്റം | എണ്ണം | റേറ്റ് | തുക |
|---|---|---|---|
| Smart Chair | 35 | 2905 | 101675 |
| Steel Almirah | 1 | 8984 | 8984 |
| Computer Table | 1 | 4750 | 4750 |
| Steel Table | 2 | 5320 | 10640 |
| | | Gst | 22688 |
| | | Flood Cess | 1260 |
| | | Total | 149998 /- |

ഫർണിച്ചറുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്. 149998 /- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 ലൈഫ് - മുൻകൂർ കൈപ്പറ്റിയെങ്കിലും വീട് പണി ആരംഭിച്ചിട്ടില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനരഹിതർക്ക് വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി ആവിഷ്കരിച്ച ലൈഫ് ഭവനപദ്ധതിയുടെതാഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും സുജാത എന്ന ഗുണഭോക്താവ് ഒഴികെ മറ്റ് ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ല

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയിട്ടുള്ള തുക | ബിൽ വിവരം |
|---|---|---|---|
| 1 | ചെല്ലമ്മ ആരക്കണ്ടത്തിൽ | 40,000/- | B .R No. 20070352004901130253 /23.02.21 |
| 2 | ഓമന ഓറുകാട്ട് | 40000 | B .R No. 18070352004900061066 /28.04.18 |
| 3 | സമീന,റിസ്വാന മൻസിൽ | 40000 | B .R No. 17070352004901362386 /31.03.18 |
| 4 | സുജാത ,ഭദ്രാലയം | 260000 | ലഭ്യമല്ല |

ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഈ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/29.05.22) ലഭ്യമാക്കിയ മറുപടിയിൽ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകയാൽ മേൽ ചൂണ്ടിക്കാട്ടിയ ഗുണഭോക്താക്കളെക്കൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം ആനുകൂല്യമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്(എൻക്വയറി നം.9/29.5.22). ചെല്ലമ്മ ആരക്കണ്ടത്തിൽ എന്ന ഗുണഭോക്താവിന് ആനുകൂല്യമായി അനുവദിച്ച 40000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 ഇടവിളക്കിറ്റ് വിതരണ പ്രോജക്ട് സംബന്ധിച്ച്

കൃഷി ഓഫീസർ 2020-21വർഷം നിർവ്വഹണം നടത്തിയ സുഭിക്ഷകേരളം ഇടവിളക്കിറ്റ് വിതരണ പ്രോജക്ടുകളിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

400/-രൂപ വിലമതിക്കുന്ന 8190 ഇടവിളക്കിറ്റുകളാണ് (ചേന5കി.ഗ്രാം, ചേമ്പ്, മഞ്ഞൾ, ഇഞ്ചി, ഞാലിപ്പൂവൻവിത്ത്-ഓരോ കിലോഗ്രാം വീതം) സുഭിക്ഷ കേരളം ഇടവിളക്കിറ്റ് വിതരണ പ്രോജക്ടുകളിലൂടെ വിതരണം നടത്തപ്പെട്ടത്. പ്രോജക്ടുകളുടെയും ചെലവിന്റെയും വിവരം ചുവടെ ചേർക്കുന്നു-

1)പ്രോജക്ട് നം.168/21സുഭിക്ഷകേരളം ഇടവിളക്കിറ്റ്(എസ്.സി.പി) 254000/-രൂപ കെയ്ക്കോയ്ക്ക് നല്കി.

2)പ്രോജക്ട് നം.167/21 ഇടവിളക്കിറ്റ് (ജനറൽ) KAICO -യിൽ നിന്ന് ഇടവിളക്കിറ്റുകൾ വാങ്ങിയതിന് 3022000/- രൂപ കെയ്ക്കോയ്ക്ക് നല്കി.

പ്രോജക്ടുകളിൽ ഇടവിളക്കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളത് 17വാർഡുകളിലായുള്ള ഗുണഭോക്താക്കൾക്കാണ്. എന്നാൽ ഗുണഭോക്തൃലിസ്റ്റ് അടിസ്ഥാനപ്പെടുത്തിയോ ഗുണഭോക്താക്കൾക്ക് നേരിട്ടോ അല്ല വിതരണമെന്ന് കാണുന്നു. കൃഷിക്ക് യോഗ്യമായ ഭൂമിയുള്ളവർക്കാണോ ആനുകൂല്യം നല്കിയതെന്നും ഭൂവിസ്തൃതിക്ക് ആനുപാതികമായാണോ വിതരണമെന്നും വ്യക്തതയില്ല. ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളത് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള വിതരണസ്റ്റേറ്റ്മെന്റുകളാണ്. ആനുകൂല്യ വിതരണം നടന്നതായി ഉറപ്പാക്കാനുതകുന്ന വിധം മറ്റ് അനുബന്ധരേഖകൾ ഇല്ല. ടി അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടതിനെത്തുടർന്ന് ടി പ്രോജക്ടുമായി ബന്ധപ്പെട്ട ഡിജിറ്റൽ തെളിവുകൾ(ഫോട്ടോകൾ, വീഡിയോ, എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുത്ത വിവരങ്ങൾ) കൃഷി ഓഫീസർ പരിശോധനയ്ക്ക് ഹാജരാക്കി. സർക്കാർ നിർദ്ദേശ പ്രകാരം കോവിഡ് അടിയന്തിര സാഹചര്യത്തിൽ നടപ്പാക്കപ്പെട്ട ഒരു പദ്ധതിയെന്ന നിലയ്ക്കും പ്രോജക്ടിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിൽ ജനപ്രതിനിധികളുടെ ക്രിയാത്മക ഇടപെടലുകളുണ്ടായത് പരിഗണിച്ചും മറുപടി അംഗീകരിക്കുന്നു, ഭാവിയിൽ ഇപ്രകാരമുള്ള പ്രോജക്ടുകൾ ചെലവ് രേഖകൾ തൃപ്തികരമായി സൂക്ഷിച്ചുകൊണ്ട് നടപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.6)

## 1-20 തൊഴിലുറപ്പുപദ്ധതി ബില്ലിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കും,ഗുഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്സ്ടി കുറവ് ചെയ്തിട്ടില്ല .ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ് /16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം , 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്./M-Book | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട GST(2%) | FTO No./തീയതി |
|---|---|---|---|---|
| 13-ാം വാർഡ് നാടാലിൽ മുക്ക് ചാങ്ങർ റോഡ് കോൺക്രീറ്റിംഗ്. 254/18-19 | JRJ എന്റർപ്രൈസസ്.. | 299080 | 5982/- | 14287/6.03.21 /299080 /- |

ടി കമ്പനിക്ക് നൽകിയ തുകയുടെ ബില്ലിൽ നിന്നും ജി.എസ്.ടി ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/31.05.22 ന് ടി തുക ഒടുക്കുന്നതിന് . ജീവൻരാജ് , മണ്ണൂത്തറ ആലുംപീടിക (JRJ എന്റർപ്രൈസസ് )എന്ന വ്യക്തിക്ക് കത്തു നൽകിയിട്ടുണ്ട് എന്ന മറുപടി നൽകിയിട്ടുണ്ട്. ടി. തുക ഈടാക്കി ജി.എസ്.ടി. ഫണ്ടിൽ ഒടുക്കി ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ.

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

1) ആസ്തി രജിസ്റ്ററിൽ റോഡുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ അവസാന മെയിന്റനൻസ് വിവരങ്ങൾ, വാർഡ് നം., തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

2)ഭൂമിയുടെയും, കുടിവെള്ള പദ്ധതികളുടെയും വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ,സ്ഥിതി ചെയ്യുന്ന വാർഡ്, വില്ലേജ്, സർവ്വെ നം.,ഭൂമിയുടെ ഏരിയ തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.
3)റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം. 3/27.05.2022) ക്ക് മറുപടി ഹാജരാക്കിയില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ കൈപ്പറ്റ്, വിനിയോഗ രേഖകൾ എന്നിവ ഹാജരാക്കപ്പെട്ടിട്ടില്ല.

1)കൃഷ്ണപുരം പി.എച്ച്.സി-യുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ ആർദ്രം പദ്ധതിക്ക് വിഹിതം നല്കൽ (പ്രോജ.നം.130/21)എന്ന പ്രോജക്ടിൽ വികസനഫണ്ട്(ജനറൽ)3700000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 1000000/-രൂപയുമുൾപ്പെടെ 4700000/-രൂപ ചെലവായിട്ടുണ്ട്. ആരോഗ്യ കേരളം ആലപ്പുഴയുടെ(നാഷണൽ ഹെൽത്ത് മിഷൻ)അക്കൌണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുള്ളത്. (വികസന ഫണ്ട് തുക നല്കിയ വിവരം:- ബിൽ റഫ.നം.20070352005500547892/11.4.20പ്രകാരം 37ലക്ഷം രൂപ), ചെലവ് തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഭാഗികമായി മാത്രമാണ് ലഭിച്ചിട്ടുള്ളത്. 3249051/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് 20.05.2022-ൽ ലഭിച്ചതായി ഫയലിൽ കാണുന്നു. ശേഷിക്കുന്ന തുക 1450949/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ആകെ തുകയ്ക്കുള്ള രസീതും പൂർണ്ണരൂപത്തിലുള്ള ചെലവ് രേഖകളും ലഭ്യമാക്കേണ്ടതുണ്ട്. ടി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ 1450949/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (വാർഡ്17)പ്രോജ.നം.175/21-എന്ന പ്രോജക്ടിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ നിന്ന് ഒരു ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇരണ്ടയ്ക്കൽ ജം. മുതൽ തിരുവോണം ജം. വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി കേരള വാട്ടർ അതോറിറ്റിക്കാണ് തുക നല്കിയിട്ടുള്ളത്. ബിൽ റഫ.നം.20070352005500000553201/24.9.20 പ്രകാരം എക്സി.എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ആലപ്പുഴ-യ്ക്ക് തുക നല്കി. ടി തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം മുതലായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 100000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3)പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജ.നം.66/21)പ്രോജക്ടിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 415000/-രൂപ (ബിൽ റഫ.നം. 20070352005501427746/29.3.21പ്രകാരം 99000/-രൂപയും & ബിൽ റഫ.നം. 20070352005501440432/30.3.21പ്രകാരം 316000/-രൂപയും)എക്സി.എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ആലപ്പുഴ-യ്ക്ക് തുക നല്കി. ടി തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം മുതലായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 415000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ ഖണ്ഡികകളിലെ ആകെ തടസ്സം 1965949/- രൂപ. ചെലവ് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം പുനഃപരിശോധിക്കുന്നതാണ് (ഓഡിറ്റ് എൻക്വയറി നം.18/30.5.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തൊഴിലുറപ്പുപദ്ധതി ബില്ലിൽ നിന്നും ജി.എസ്.ടി ഈടാക്കിയില്ല.

തൊഴിലുറപ്പ പദ്ധതിയിൽ പെടുത്തി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കം,ഗ്രഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനസൃതം ഈടാക്കേണ്ട ജിഎസ്സ്ടി കുറവ് ചെയ്തിട്ടില്ല .ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ് /16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം , 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്./M-Book | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട GST(2%) | FTO No./തീയതി |
|---|---|---|---|---|
| 13-ാം വാർഡ് നാടാലിൽ മുക്ക് ചാങ്ങർ റോഡ് കോൺക്രീറ്റിംഗ്. 254/18-19 | JRJ എന്റർപ്രൈസസ്.. | 299080 | 5982/- | 14287/6.03.21 /299080 /- |

ടി കമ്പനിക്ക് നൽകിയ തുകയുടെ ബില്ലിൽ നിന്നും ജി.എസ്.ടി ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/31.05.22 ന് ടി തുക ഒടുക്കുന്നതിന് . ജീവൻരാജ് , മണ്ണൂത്തറ ആലുംപീടിക (JRJ എന്റർപ്രൈസസ് )എന്ന വ്യക്തിക്ക് കത്തു നൽകിയിട്ടുണ്ട് എന്ന മറുപടി നൽകിയിട്ടുണ്ട്. ടി. തുക ഈടാക്കി ജി.എസ്.ടി. ഫണ്ടിൽ ഒടുക്കി ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 3-2 മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | NSSകരയോഗം റെയിൽവേ ലൈൻ റോഡ്. കോൺക്രീറ്റിംഗ്. M-Book No.264/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി. | 216870 | 4337 (@2%) | FTO 7121/7.4.20 |
| 2 | കല്ലേലിൽ തയ്യിൽക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് 263/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി. | 185677 | 3714 (@2%) | 7099/7.4.20 |
| 3 | കന്നേൽ പുത്തൻവീട് നടപ്പാത കോൺക്രീറ്റിംഗ്. 246/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി. | 99736 | 1995 (@2%) | 628701 /3.06.20 |
| 4 | ക്രൗൺ ഓഡിറ്റോറിയം, ചെമ്മത്തിൻകുറ്റിയിൽ നടപ്പാത M B No. 247/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് കോഓപ്പറേറ്റീവ് സൊസൈറ്റി. | 242301 | 4846 (@2%) | 630091/03.06.20 |
| 5 | ഓണംപള്ളി തോപ്പിൽ പടീറ്റതിൽ നടപ്പാത കോൺക്രീറ്റിംഗ് 260/18-19 | ആലപ്പുഴ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് ടെക്നിക്ക് | 62653 | 1253 (@2%) | 10971 /3.6. 20 |

| | | | | | |
|---|---|---|---|---|---|
| | | കോഓപ്പറേറ്റീവ് സൊസൈറ്റി. | | | |
| 6 | പ്ലാൻകീഴിൽ വലിയതറ നടപ്പാത റോഡ് കോൺക്രീറ്റിംഗ് 256/18-19 | രവീന്ദ്രൻപിള്ള ശ്യാമം | 85742 | 857 (@1%) | 7007/7.04.20 |
| | | | ആകെ | 17002 | |

ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.അല്ലാത്തപക്ഷം സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ എന്നിവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 പാലിനു സബ്സിഡിയിനത്തിൽ അധികം തുക നൽകി.

1) പ്രോജക്ട് നം. 75/20-21

പാലിന് സബ്സിഡി (ജനറൽ)

നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ:-1600320/-
വികസന ഫണ്ട് - 11,00,320/-
ബ്ലോക്ക് വിഹിതം-5,00,000/-

ചെലവ്-8,99,999/-

ബിൽ നം-6/ 2021 തീയതി-15.3.2021-37,384/-

ബിൽ നം-7/ 2021 തീയതി-26.3.2021-4,62,615/-

ബിൽ നം-8/ 2021 തീയതി-29.3.2021-4,00,000/-

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/- ആണ്. എന്നാൽ സരസ്വതി. എസ് എന്ന വ്യക്തിക്ക് 1249/-അധികം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം /തീയതി | പേര്, അക്കൗണ്ട് നം | തുക |
|---|---|---|---|
| 1 | 7/2021, തീയതി 26/03/21 | സരസ്വതി. എസ് , 33219392609 | 25869/- |
| 2 | 8/2021, തീയതി 29/03/21 | സരസ്വതി. എസ് , 33219392609 | 15380/- |
| | ആകെ | | 41,249/- |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വറി (നം. 12/30.05.2022) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അധികം സബ്സിഡി അനുവദിച്ച 1249/- രൂപ, ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

C

## 3-4 പാലിന് സബ്സിഡി(എസ്.സി.പി)പ്രകാരം ആനുകൂല്യം കൈപ്പറ്റിയ വ്യക്തികൾക്ക് ഒരേ കാലയളവിൽ ജനറൽ വിഭാഗത്തിലും ആനുകൂല്യം നൽകി. നഷ്ടം 4340

ഒരേ വ്യക്തികൾക്ക് 2020 ഏപ്രിൽ, 2020 മേയ് മാസങ്ങളിൽ , പാലിന് സബ്സിഡി നൽകുന്നതു സംബന്ധിച്ച ജനറൽ പ്രോജക്ട് നം. 75/21 , എസ്.സി.പി പ്രോജക്ട് നം. 80/21 എന്നീ പദ്ധതികൾ പ്രകാരം തുകകൾ അനുവദിച്ചു. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.12/30.05.22) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം. 75/20-21

പാലിന് സബ്സിഡി (ജനറൽ)

നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ:-1600320/-
വികസന ഫണ്ട് - 11,00,320/-
ബ്ലോക്ക് വിഹിതം-5,00,000/-

ചെലവ്-8,99,999/-

ബിൽ നം-6/ 2021 തീയതി-15.3.2021-37,384/-

ബിൽ നം-7/ 2021 തീയതി-26.3.2021-4,62,615/-

ബിൽ നം-8/ 2021 തീയതി-29.3.2021-4,00,000/-

2)പ്രോജക്ട് നം. 80/21

പാലിന് സബ്സിഡി (എസ്.സി.പി)

നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ:-1600320/-
വികസന ഫണ്ട് (എസ്.സി.പി) - 100000/-

ചെലവ്-100000/-

ബിൽ നം-5/ 2021 തീയതി-5.3.2021-100000/-

| ക്രമ നം | പ്രോജക്ട് നം.,ബിൽ നം /തീയതി | ഗുണഭോക്താവിന്റെ പേര്, അക്കൌണ്ട് നം | സബ്സിഡി @ 4 നല്കിയ മാസം(പാലളവ്), തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | പ്രോജക്ട് നം. 75 7/2021, തീയതി 26/03/21 | ബിന്ദു.റ്റി , 854210110002226 | 2020 ഏപ്രിൽ(253 ലിറ്റർ)<br>മേയ്(228 ലിറ്റർ)<br>ആകെ -481 ലിറ്റർ<br>സബ്സിഡി @ 4/ - 1924/- | |
| 2 | പ്രോജക്ട് നം.80 5/2021, തീയതി 05/03/21 | ബിന്ദു.റ്റി , 854210110002226 | 2020 ഏപ്രിൽ(254 ലിറ്റർ)<br>മേയ്(229 ലിറ്റർ)<br>ജൂൺ(184 ലിറ്റർ)<br>ജൂലൈ(159 ലിറ്റർ)<br>ആഗസ്റ്റ്(118 ലിറ്റർ)<br>ആകെ -944 ലിറ്റർ<br>സബ്സിഡി @ 4 /- 3776/- | 1924/- |
| 3 | പ്രോജക്ട് നം. 75 7/2021, തീയതി 26/03/21 | പ്രഭാകരൻ.പി, 40121001005439 | 2020 ഏപ്രിൽ(251 ലിറ്റർ)<br>മേയ്(353 ലിറ്റർ)<br>ആകെ -604 ലിറ്റർ<br>സബ്സിഡി @ 4 - 2416/- | |
| 4 | പ്രോജക്ട് നം.80 5/2021, തീയതി 05/03/21 | പ്രഭാകരൻ.പി, 40121001005439 | 2020 ഏപ്രിൽ(251 ലിറ്റർ)<br>മേയ്(353 ലിറ്റർ)<br>ജൂൺ(304 ലിറ്റർ)<br>ജൂലൈ(308 ലിറ്റർ)<br>ആഗസ്റ്റ്(298 ലിറ്റർ)<br>ആകെ -1513 ലിറ്റർ<br>സബ്സിഡി @ 4 /- 6052/- | 2416/- |
| | | | ആകെ | 4340/- |

'ടി.ഗുണഭോക്താക്കൾക്ക് അധികം നൽകിയ 4340 രൂപ തിരികെ ഈടാക്കാത്ത പക്ഷം ആയത് നിർവ്വഹണഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | തൻവർഷം വരവില്ല | ലൈഫ് | | 782587 (മുന്നിരിപ്പ് തുക) |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1400000 | ആർദ്രം-1000000 ഐ.സി.ഡി.എസ്- 400000 | 1400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2642724 | ലൈഫ് | 0 | 2642724 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4687635 | ലൈഫ് | 2376819 | 2310816 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 500000 | ബഡ്സ് സ്കൂൾ | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2099999 | നേരിട്ട് ബ്ലോക്ക് ഷെയർ നല്കപ്പെട്ടത് | 2099999 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ റഫ.നം. 20070352005501427746/29.3.21 | 415000 | 0 | 415000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ റഫ.നം.20070352005500000553201/24.9.20 | 100000 | 0 | 100000 |
| അനർട്ട് | സോളാർ പാനൽ യൂണിറ്റ് | ബിൽ റഫ.നം.20070352005501163541/26.2.21 | 231000 | 0 | 231000 |
| എൻ.എച്ച്.എം | ആർദ്രം | ബിൽ റഫ.നം.20070352005500547892/ 11.4.20 | 4700000 | 3249051 | 1450949 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ, വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തിയ്യതി | (തൻവർഷം) | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി-ലൈഫ് | ജി.ഒ (എം.എസ്) 2278/ തസ്വഭവ 18.8.18 | 1580000 | 23990240 | 2825216 | - | 22745024 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-20 | 2008-09 | 3.5.5-A | ചെറുകിട വ്യവസായം (പട്ടികജാതി വനിത) | വിജിലൻസ് പരിഗണനയിൽ |
| 2005-06 | 3-2 | 2008-09 | 3.5.5-B | വനിതാഘടക പദ്ധതി ക്രമക്കേട് | വിജിലൻസ് പരിഗണനയിൽ |
| 2005-06 | 3-17 | 2008-09 | 3.5.5-B | ട്രഷറിയിൽ നിന്ന് പിൻവലിച്ച് തുക വിതരണം ചെയ്യാത്തത് | വിജിലൻസ് പരിഗണനയിൽ |
| 2006-07 | 3-1എ മുതൽ ജെ വരെ | 2009-10 | 2-10 | വിവിധ പദ്ധതികളിലെ ക്രമക്കേടുകൾ | വകുപ്പ് തല നടപടിയിൽ |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92927219 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93164156 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5589 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2577419 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-3 | | 1249 | ഗീത, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-4 | | 4340 | ഗീത, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | | 5589 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-17 | 149998 | സബീന, എച്ച്.എം, ഗവ.യു.പി.എസ് |
| 1-18 | 40000 | രാജലക്ഷ്മി, വി.ഇ.ഒ |
| 1-22 | 1965949 | 1-22-1: ഡി.എസ്.ആദില, സെക്രട്ടറി<br>1-22-2: എം.ഷാജഹാൻ, സെക്രട്ടറി<br>1-22-3: എം.ഷാജഹാൻ, സെക്രട്ടറി |
| 1-22 | 81472 | ഡോ.ആനന്ദ്, മെഡിക്കൽ ഓഫീസർ |
| ആകെ | 2155947 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 3-1 | 5982 | എം.ഷാജഹാൻ, സെക്രട്ടറി<br>ബി.നവാസ്, അസി.സെക്രട്ടറി,<br>ആരാധന,തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ. |
| 3-2 | 17002 | ഡി.എസ്.ആദില, സെക്രട്ടറി&<br>ബി.നവാസ്, അസി.സെക്രട്ടറി,<br>ആരാധന, തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ. |
| ആകെ | 22984 | |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.ഷാജഹാൻ | സെക്രട്ടറി(തുടരുന്നു) | ഷാജി നിവാസ്, വള്ളികുന്നം |
| ഡി.എസ്.ആദില | സെക്രട്ടറി(വിരമിച്ചു) | കാവിൽ ഹൌസ്, ആല്ലുംപീടിക, ഓച്ചിറ |
| ഗീത | ഡയറി ഫാം ഇൻസ്ട്രക്ടർ (വിരമിച്ചു) | കണ്ണമ്പള്ളിൽ, മുട്ടം സൌത്ത്, തട്ടാരമ്പലം പി.ഒ, മാവേലിക്കര |

| | | |
|---|---|---|
| സബീന | എച്ച്.എം | ആക്കനാട്ടേത്ത്, കട്ടച്ചിറ, പള്ളിക്കൽ.പി.ഒ |
| രാജലക്ഷ്മി | വി.ഇ.ഒ | പരിചപ്പുഴ തെക്കതിൽ, തെക്ക് കൊച്ചുമുറി,ഓച്ചിറ |
| ഡോ.ആനന്ദ് | മെഡിക്കൽ ഓഫീസർ | ദേവിവിലാസം ബംഗ്ലാവ്, നീറോട്ട് വിളാകം, ഊരുട്ടമ്പലം.പി.ഒ |
| ബി.നവാസ് | സെക്രട്ടറി<br>കീഴ്പാട് ഗ്രാമപഞ്ചായത്ത് | നെടിയത്ത്, ചേരാവള്ളി,കായംകുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജിഎ.5-1832/11/31.01.2012 |
| 1999-00 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05,<br>2005-06 | എൽ.എഫ്.ജിഎ.5-1577/13/13.05.2014 |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | എൽ.എഫ്.എ-പി.4-870/2011/03.10.2013 |
| 2011-12,<br>2012-13 | എൽ.എഫ്.എ-പി.4-1859/14/26.11.2014 |
| 2013-14,<br>2014-15 | എൽ.എഫ്.എ-പി.4-873/2011/04.08.2015 |
| 2015-16 | എൽ.എഫ്.എ-പി.4-1523/16 |

| | |
|---|---|
| 2016-17 | എൽ.എഫ്.എ-പി.4-616/17/15.06.2017 |
| 2017-18 | എൽ.എഫ്.എ-പി.4-/ 147/2019/13.02.2019 |
| 2018-19 | കെ.എസ്.എ.എ.എൽ .പി പി-4/312/2020/14.05.2020 |
| 2019-20 | കെ.എസ്.എ.എ.എൽ .പി പി-4/386/2021/12.04.2021 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്